TB Weekly Movie Review

**#moviepanel**

# മഹാവീര്യർ - പുതുമയുള്ള പരീക്ഷണം

Written By : Prasannaraju Kottekat

വേറിട്ട കാഴ്ചയും അനുഭവവും ആണ് മഹാവീര്യർ. ഇടക്ക് ഇത്തരം പരീക്ഷണങ്ങൾ ഉണ്ടാവുക എന്നത് ഏതൊരു മീഡിയത്തിനും അനിവാര്യമാണ്. അതുകൊണ്ടുതന്നെ ഈ സിനിമ തിയ്യറ്ററിൽ കണ്ട് പ്രോൽസാഹിപ്പിക്കണം.

അന്യാപദേശ രൂപത്തിലുള്ള ഒരു പൊളിറ്റിക്കൽ സറ്റയർ എന്നാണ് മിതമായി സിനിമയെ നിർവചിക്കാൻ തോന്നുന്നത്. എഴുപതുകളിൽ എം.സുകുമാരൻ എഴുതിയിരുന്ന കഥകൾ പലതും ഈ ശൈലിയിലായിരുന്നു. മുകുന്ദന്റെ ഇങ്ങനെയൊരു കഥ വായിച്ച ഓർമ്മയില്ല. നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്ന ഒരു സംഭവത്തിന്റെ ന്യായാന്യായങ്ങൾ, സമകാലീന നിയമവ്യവസ്ഥയുടെയും അധികാരത്തിൻ്റെയും പരിമിതികളിൽ നിന്ന് ഇഴകീറി പരിശോധിക്കുന്നു സിനിമ. രാജാവും പ്രജയും കാലങ്ങൾ കഴിഞ്ഞ് ഭരണകൂടവും പൗരനും ആയി മാറിയപ്പോൾ എന്ത് മാറ്റമാണ് വന്നത്? അതോടൊപ്പം സത്യവും നീതിയും ഓരോരുത്തരുടെയും കാഴ്ചപ്പാടിൽ എത്രമാത്രം പക്ഷപാതപരമായി മാറുന്നു!! നമ്മൾ കാണുന്നത് മാത്രമാണോ സത്യം? വ്യക്തികളും, സാഹചര്യങ്ങളും, കാഴ്ചപ്പാടുകളും മാറുന്നത് അനുസരിച്ച് സത്യത്തിനും നീതിക്കും മാറ്റം ഉണ്ടാകാമോ? ആര് ആരെയാണ് സംരക്ഷിക്കേണ്ടത്! ഭരണകൂടം പ്രജയെ ആണോ, അതോ മറിച്ചോ?

ഒരുപാട് ചോദ്യങ്ങൾ ഉയർത്തുന്നതോടൊപ്പം സമകാലീന രാഷ്ട്രീയം കൂടി ചർച്ച ചെയ്യുന്നു മഹാവീര്യർ. പഴയ കാലത്തെ, രാജശാസനം നടപ്പാക്കുന്ന മന്ത്രിയുടെയും പുതിയ കാലത്തെ ന്യായാധിപൻ്റെയും പേരുകൾ ഏതാണ്ട് ഒരുപോലെയാകുന്നത് യാദൃശ്ചികമല്ല. അതുപോലെയാണ് ആസന്നഭാവിയിൽ സംഭവിക്കുന്ന വിധിപ്രസ്താവവും. കോടതിയിലും അവസാനവാക്ക് രാജാവിൻ്റേതുതന്നെ. രാജാവിനോടൊപ്പം സഞ്ചരിക്കുന്ന സിംഹാസനവും, രാജാവിന്റെ എക്കിളുമെല്ലാം ശക്തമായ ബിംബങ്ങളായി വരുന്നു. രാജാവിൽ ധർമ്മപുരിയിലെ പ്രജാപതിയുടെ നിഴൽ ചിലപ്പോൾ തോന്നാം. ക്ലൈമാക്സിലെ കോടതിരംഗത്ത് അത്രമാത്രം explicit violence വേണ്ടിയിരുന്നോ?

ചോദ്യങ്ങളും സംശയങ്ങളുമായി അപൂർണ്ണാനന്ദൻമാർ കാലങ്ങൾ തോറും സഞ്ചരിക്കും, രാജാക്കന്മാർക്കും പീഡകർക്കും അധികാരത്തിനും ഇടയിൽ കാരുണ്യത്തിന്റെ ലഹരിയുമായി. പീഡനങ്ങൾക്ക് പകരം ലളിതമായി പ്രശ്നപരിഹാരവും ചെയ്യും - അന്യായവ്യവസ്ഥയെ നോക്കുകുത്തായാക്കി.

മികച്ച ഫോട്ടോഗ്രാഫിയും, സൗണ്ട് ഡിസൈനും, പശ്ചാത്തല സംഗീതവും സിനിമയെ നല്ലൊരു ദൃശ്യാനുഭവമാക്കുന്നു. രാജാവായി ലാലിൻ്റെ തകർപ്പൻ പ്രകടനം. നിവിൻ പോളിയിലെ സ്റ്റാറിനേക്കാൾ ആസിഫിലെ നടൻ മികച്ചതായി തോന്നി.

ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന, ബോൾഡ് എന്ന് പറയാവുന്ന ഈ രചനയുടെ സൃഷ്ടാവ് എബ്രിഡ് ഷൈനിന് ഇരിക്കട്ടെ ഒരു കുതിരപ്പവൻ, ഒപ്പം നിർമ്മാതാവ് നിവിൻ പോളിക്കും